**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4816** **01-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റെസ്റ്റ് ഹൗസുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റെസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും ആയത് പ്രവർത്തിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് റെസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം സാധ്യതാ മേഖലകളിലെ ഹൗസുകളിലും വാർഷിക അറ്റകുറ്റപ്പണികളും ചെയ്യാറുണ്ട്. എല്ലാ റെസ്റ്റ് ഹൗസുകളിലും എ.സി. മുറികളുടെ എണ്ണം കൂട്ടുവാനും റെസ്റ്റ് ഹൗസുകളിൽ Vacuum Cleaner, Washing Machine, Inverter, Refrigerator എന്നിവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കുടുംബശ്രീ, MGNREGA എന്നിവയുടെ സഹായത്തോടെ റെസ്റ്റ് ഹൗസുകളിലെ house keeping, റെസ്റ്റ് ഹൗസ് പരിസരം; ഗാർഡൻ എന്നിവയുടെ പരിപാലനം തുടങ്ങിയവ നടപ്പിലാക്കുന്നതിനായി സർക്കാർ തലത്തിൽ ചർച്ച നടത്തി തീരുമാനിക്കുന്നതാണ്. |
| (ബി) | പൊതുമരാമത്ത് റെസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിംഗ് ഏത് രീതിയിലാണ് നടക്കുന്നതെന്ന് അറിയിക്കാമോ; ആയത് പ്രവർത്തന സജ്ജമാണോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | 2021 നവംബർ ഒന്നാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. സി-ഡിറ്റിന്റെ സഹായത്തോടെ വികസിപ്പിച്ച പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ് ഹൗസ് ബുക്കിംഗ് ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതോടെ മുറികളുടെ ബുക്കിംഗ് ഓൺലൈനായി ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും നിലവിലെ ചട്ടങ്ങൾക്കനുസൃതമായി ഏതു സമയത്തും എവിടെ നിന്നും ബുക്ക് ചെയ്യുവാൻ സാധിക്കും. https://resthouse.pwd.kerala.gov.in എന്ന് ഇന്റർനെറ്റ് ബ്രൌസറിൽ ടൈപ്പ് ചെയ്ത് എന്റർ ചെയ്യുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ് ഹൗസ് ഓൺലൈൻ ബുക്കിംഗ് പോർട്ടൽ ദൃശ്യമാകും. |
| (സി) | സംസ്ഥാനത്ത് എത്ര പൊതുമരാമത്ത് റെസ്റ്റ് ഹൗസുകൾ നിലവിലുണ്ടെന്നും ഇവിടെ എത്ര മാനേജർമാർ ജോലി നോക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 153 റെസ്റ്റ് ഹൗസുകൾ നിലവിൽ ഉണ്ട്. ഇവിടെ 5 ഫസ്റ്റ് ഗ്രേഡ് മാനേജർമാരും, 15 സെക്കന്റ് ഗ്രേഡ് മാനേജർമാരുമുണ്ട്. |

സെക്ഷൻ ഓഫീസർ